ഭരണഭാഷ-മാതൃഭാഷ

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**മൃഗസംരക്ഷണ വകുപ്പ് - ഡയറക്ടറേറ്റ് - വികാസ് ഭവൻ,**

**തിരുവനന്തപുരം**

(ഹാജർ:ആസിഫ് കെ യൂസഫ് IAS)

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - വെറ്ററിനറി സർജൻ ഗ്രേഡ്-2 തസ്തികയിലെ ജീവനക്കാരുടെ നിയമനം ക്രമപ്പെടുത്തുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | |
|---|---|
| നമ്പർ - AHD/1316/2024-D2 | തീയതി:25-01-2025 |

പരാമർശം:

1) സ.ഉ.(പി) നമ്പർ 41/2010/ഉ.ഭ.പ.വ തിയതി.14.12.2010
2) സ.ഉ.(അ) നമ്പർ23/2013/ഉ.ഭ.പ.വ തിയതി 16.08.2013
3) ഈ ഓഫീസിലെ 17/02/2024-ലെ ഇതേ നമ്പർ നിയമനോത്തരവ്
4) പി.എസ്.സിയുടെ 24/07/2024, 04/12/2024 എന്നീ തിയതികളിലെ കത്തുകൾ.
5) വിവിധ ജില്ലാ പോലീസ് മേധാവികളുടെ വെരിഫിക്കേഷൻ റിപ്പോർട്ടുകൾ

**ഉത്തരവ്**

പരാമർശം (1), (2) ലെ ഉത്തരവുകൾ പ്രകാരം ഭാവിയിലുണ്ടാകുന്ന എല്ലാ പി.എസ്.സി നിയമനങ്ങളിലും പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടിനു പുറമേ പി.എസ്.സിയുടെ സർവീസ് വെരിഫിക്കേഷൻ റിപ്പോർട്ടും കൂടി ലഭ്യമായതിന് ശേഷമേ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാവൂ എന്ന് എല്ലാ നിയമനാധികാരികളെയും ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

പരാമർശം (3) പ്രകാരം താഴെ പറയുന്ന ജീവനക്കാർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. പരാമർശം (4) പ്രകാരം ടി ജീവനക്കാർ സർക്കാർ സർവീസിൽ നിയമനത്തിന് യോഗ്യരാണെന്നുള്ള പി.എസ്.സി സർവീസ് വെരിഫിക്കേഷൻ റിപ്പോർട്ടുകളും പരാമർശം (5) പ്രകാരം പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടുകളും ലഭ്യമായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ മൃഗസംരക്ഷണ വകുപ്പിലെ താഴെപ്പറയുന്ന വെറ്ററിനറി സർജൻ ഗ്രേഡ്-2 തസ്തികയിലെ ജീവനക്കാരുടെ നിയമനം അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിട്ടുള്ള തിയതിയിൽ ക്രമപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | പേര് | ജോലിയിൽ പ്രവേശിച്ച തീയതി | നിയമനം ക്രമപ്പെടുത്തിയ തീയതി |
|---|---|---|---|
| 1 | ATHIRA MANOHARAN | 21-02-2024 FN | 21-02-2024 FN |
| 2 | ANEESHA MUHAMMED | 22-02-2024 FN | 22-02-2024 FN |
| 3 | ASWIN RAJ | 29-02-2024 FN | 29-02-2024 FN |

നിയന്ത്രണോദ്യോഗസ്ഥർ മേൽ ജീവനക്കാരുടെ നിയമനം ക്രമീകരിച്ചത് സംബന്ധിച്ച വിവരം വ്യക്തിഗത നിയമന രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

Signed by
Asif K Yusuf
Date: 25-01-2025 17:47:53

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

1) ബന്ധപ്പെട്ട ജീവനക്കാർക്ക് (നിയന്ത്രണോദ്യോഗസ്ഥർ മുഖേന)
2) അക്കൗണ്ടന്റ് ജനറൽ (എ&ഇ), എറണാകുളം (പി.എസ്.സി സർവീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെയും One Time Verification Certificate ന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം)
3) ഐ.ടി.സെക്ഷൻ-വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി